LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ വില്പനയിലൂടെ 730.88 കോടി രൂപ അറ്റാദായമായി ലഭിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 656.91 കോടി രൂപ ചികിത്സാ ധനസഹായമായി ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

കാരുണ്യ ധനസഹായം വർദ്ധിപ്പിക്കാൻ നടപടി

88 (93) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എതൊക്കെ മാരക രോഗങ്ങൾക്കാണ് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നത് ;

(ബി) നിലവിൽ നൽകുന്ന രണ്ട് ലക്ഷം രൂപ മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് മതിയാവുകയില്ലെന്നതിനാൽ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകിവരുന്നത്.

(ബി) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽനിന്നുള്ള ലാഭം ഉപയോഗിച്ചാണ് ചികിത്സാ ധനസഹായം നൽകുന്നത്. പ്രസ്തുത വരുമാനത്തേക്കാൾ ചികിത്സാ ചെലവ് വളരെ അധികരിച്ചിരിക്കുന്നതിനാൽ ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചുനൽകുന്നതിന് തടസ്സമുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരമുള്ള ചികിത്സാ ധനസഹായം

89 (94) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും സർക്കാരിന്റെ പ്രത്യേകാനുമതി വാങ്ങിയ ചികിൽസാ ധനസഹായത്തിനായുള്ള അപേക്ഷകളിൽ മാസങ്ങൾ പിന്നിട്ടിട്ടും ധനസഹായം അനുവദിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്പെഷ്യൽ ഓർഡർ നൽകുന്നത് നിലവിൽ നിർത്തലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ അവ പുനഃപരിശോധിക്കുന്നതിനും എത്രയും വേഗം ചികിൽസാ ധനസഹായം അനുവദിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേകാനുമതിപ്രകാരമുള്ള അപേക്ഷകളിൻമേൽ നടപടി പൂർത്തീകരിച്ച് കാലതാമസം ഒഴിവാക്കി ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്ക് വകയിരുത്തപ്പെട്ട തുക

90 (95) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെയുള്ള സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്കും പദ്ധതി ഇതര ചെലവുകൾക്കും ഓരോ വർഷവും വകയിരുത്തപ്പെട്ട തുകയുടേയും അതിൽ ട്രഷറിയിൽനിന്നും പിൻവലിക്കപ്പെട്ട യഥാർത്ഥ ചെലവുകളുടേയും തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ പദ്ധതികൾക്കായി പിൻവലിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; പിൻവലിച്ച തുകയിൽ ഇപ്പോഴും വിവിധ അക്കൗണ്ടുകളിലായി ട്രഷറിയിൽ കിടക്കുന്ന തുക എത്ര ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിയേതര ചെലവുകൾക്കായി വകയിരുത്തിയ തുകയുടെയും യഥാർത്ഥ ചെലവുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly